"<u>ഭരണഭാഷ-മാതൃഭാഷ</u>"

നമ്പർ എച്ച്2/19500/2019/ഡി.ജി.ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 12-07-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - ജീവനം - 'സമന്വയ' - തസ്തികനിർണയം 2019-20 സംബന്ധിച്ച്

സൂചന : ഈ കാര്യാലയത്തിൽ നിന്നുള്ള 05-07-2019 ലെ ഇതേ നമ്പർ കത്ത്

അടിയന്തര പ്രാധാന്യമുള്ള താഴെപറയുന്ന കാര്യങ്ങളിൽ സവിശേഷ ശ്രദ്ധ പതിപ്പിക്കണമെന്നും സമയബന്ധിത തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കണമെന്നും അറിയിക്കുന്നു.

1) സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം ഉൾപ്പെടെയുള്ള തസ്തികനിർണയ പ്രവർത്തനങ്ങൾ ജൂലൈ 20 നുള്ളിൽ പൂർത്തിയാക്കണമെന്ന് സൂചനയിലെ കത്ത് വഴി എല്ലാ വിദ്യാഭ്യാസ ഓഫീസർമാരെയും അറിയിച്ചിരുന്നതാണ്. 'സമന്വയ' ഇതിന് സുസജ്ജവുമാണ്. കട്ടപ്പന, അമ്പലപ്പുഴ, വെളിയനാട് ഉപജില്ലകളിൽ മുഴുവൻ സ്കൂളുകളുടെയും തസ്തികനിർണയം പൂർത്തിയായി. പകുതിയോളം ഉപജില്ലകൾ ഈ പാതയിലാണ്. എന്നാൽ ബഹുഭൂരിഭാഗം ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും പകുതിയോളം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും തസ്തികനിർണയ പ്രവർത്തനങ്ങൾ അകാരണമായി വളരെ മന്ദഗതിയിലാണ് ഇപ്പോൾ നീങ്ങുന്നത്. ഇത് അതീവ ഗൗരവത്തോടെ തന്നെയാണ് വകുപ്പ് കാണുന്നത്.
2) ജൂലൈ 20 നുള്ളിൽ പുനർവിന്യാസവും പൂർത്തിയാകണമെങ്കിൽ ജൂലൈ 18 നകം തസ്തികനിർണയ പ്രവർത്തനങ്ങൾ പൂർത്തിയാക്കണം. ഇതിനായി താഴെപറയുന്ന സമയക്രമം നിർബന്ധമായും പാലിക്കേണ്ടതാണ്.

| പ്രവർത്തനം | അവസാന തീയതി |
|---|---|
| വിദ്യാഭ്യാസ ഉപജില്ലകളിലെ തസ്തികനിർണയ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഉത്തരവ് പ്രസിദ്ധീകരിക്കൽ (പ്രൈമറി സ്കൂളുകൾ) | 16-07-2019 വൈകീട്ട് 5 മണി |

| | |
|---|---|
| 1:40, ഭാഷാ/സ്പെഷ്യലിസ്റ്റ്/അനധ്യാപകരുടെ അനുപാതം കുറച്ചുള്ള നിലനിർത്തൽ തുടങ്ങിയ പ്രശ്നങ്ങൾ ഇല്ലാത്ത ഹൈസ്കൂളുകളിലെ തസ്തികനിർണയ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഉത്തരവ് പ്രസിദ്ധീകരിക്കൽ | 17-07-2019 വൈകീട്ട് 5 മണി |
| 1:40, ഭാഷാ/സ്പെഷ്യലിസ്റ്റ്/അനധ്യാപകരുടെ അനുപാതം കുറച്ചുള്ള നിലനിർത്തൽ തുടങ്ങിയ പ്രശ്നങ്ങൾ ഉള്ള ഹൈസ്കൂളുകളിലെ തസ്തികനിർണയ പ്രവർത്തനങ്ങൾ അവസാനിപ്പിച്ച് ഉത്തരവ് പ്രസിദ്ധീകരിക്കൽ<br>(അതു സംബന്ധിച്ച ഉത്തരവ് ലഭിച്ചാലും ഇല്ലെങ്കിലും) | 18-07-2019 വൈകീട്ട് 5 മണി |
| സംരക്ഷിത ജീവനക്കാരുടെ ലിസ്റ്റും സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുന്നതിന് ലഭ്യമായ ഒഴിവുകളും എ.ഇ.ഒ/ഡി.ഇ.ഒ മാർ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് കൈമാറുന്നു (ഇതിനായി ആവശ്യമെങ്കിൽ വിദ്യാഭ്യാസ ഉപഡയറക്ടർമാർ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കേണ്ടതാണ്.) | 19-07-2019 രാവിലെ 10 മണി |
| സംരക്ഷിത ജീവനക്കാരുടെ ജില്ലയ്ക്കുള്ളിലെ പുനർ വിന്യാസം പൂർത്തിയാക്കൽ -<br>ഇതര ജില്ലകളിൽ പുനർവിന്യസിക്കേണ്ടവരുണ്ടെങ്കിൽ ലിസ്റ്റും ജില്ലയിൽ ലഭ്യമായ ഒഴിവുകളുടെ ലിസ്റ്റും ഡയറക്ടർക്ക് കൈമാറൽ | 20-07-2019 രാവിലെ 11 മണി |

മേൽപറഞ്ഞ സമയക്രമം യാതൊരു മാറ്റവും കൂടാതെ നടപ്പിലാക്കാനുള്ള പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഫലപ്രദമായി നിർവഹിക്കണമെന്ന കാര്യം പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

അടിയന്തര സ്വഭാവമുള്ള മേൽപറഞ്ഞ ജോലികൾ സമയബന്ധിതമായി അവസാനിപ്പിക്കേണ്ട ഈ ഘട്ടത്തിൽ ചില ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അവധിയിൽ പ്രവേശിക്കുന്നതായും റിപ്പോർട്ടുകളുണ്ട്. 20-07-2019 നുള്ളിൽ തസ്തികനിർണയ പ്രവർത്തനങ്ങൾ അവസാനിപ്പിച്ചില്ലെങ്കിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ തന്നെ അതിനുത്തരവാദികളാകുമെന്നറിയിക്കുന്നു. ഈ ഘട്ടത്തിൽ അവധിയിൽ പ്രവേശിച്ചിട്ടുള്ള വിദ്യാഭ്യാസ ഓഫീസർമാരുടെ വിവരങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ അടിയന്തരമായി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

'സമന്വയ'യുടെ ആദ്യവർഷമായതിനാൽ ആവശ്യത്തിൽ കൂടുതൽ സമയം നൽകിയാണ് ഇത്തവണ തസ്തികനിർണയ പ്രവർത്തനങ്ങൾക്ക് 'ജൂലൈ 20' എന്ന സമയക്രമം തീരുമാനിച്ചറിയിച്ചിരുന്നത്. എന്നാൽ വിദ്യാഭ്യാസ ഓഫീസർമാരിൽ ചിലരെങ്കിലും ഇത് ഗൗരവമായെടുത്തില്ലെന്നാണ് 'സമന്വയ'യിൽ നിന്നു ലഭിക്കുന്ന സ്റ്റാറ്റസ് റിപ്പോർട്ടുകൾ

സൂചിപ്പിക്കുന്നത്. ഇത് തികച്ചും ഖേദകരവും അച്ചടക്ക നടപടികൾ ക്ഷണിച്ചു വരുത്തുന്നതുമായ നടപടിയാണ്.

അടിയന്തര സ്വഭാവമില്ലാത്ത മറ്റേത് ജോലികളും മാറ്റിവച്ചും, ആവശ്യമെങ്കിൽ അവധി ദിനങ്ങളിൽ ജോലി ചെയ്തുകൊണ്ടും ഈ വർഷത്തെ തസ്തികനിർണയ പ്രവർത്തനങ്ങൾ നിർദിഷ്ട സമയപരിധിക്കുള്ളിൽ തന്നെ പൂർത്തിയാക്കാൻ ജില്ലാ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ശ്രദ്ധിക്കണമെന്നറിയിക്കുന്നു. ഈ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്ത് യഥാസമയം ആവശ്യമായ നിർദേശങ്ങൾ പുറപ്പെടുവിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരും ശ്രദ്ധിക്കേണ്ടതാണ്.

വിശ്വസ്തതയോടെ

ആർ.എസ് ഷിബു
പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ (ജനറൽ)
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

പകർപ്പ് :

1) എല്ലാ സംസ്ഥാന, ജില്ലാ നോഡൽ ഓഫീസർമാരും
2) വൈസ് ചെയർമാൻ & എക്സിക്യൂട്ടീവ് ഡയറക്ടർ, കൈറ്റ്, തിരുവനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എൻ.കെ 12-07-2019